**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 776** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഓച്ചിറ എസ്.സി.ഡി.ഡി ഐ.റ്റി.ഐ .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഓച്ചിറ എസ്.സി.ഡി.ഡി ഐ.റ്റി.ഐയിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ഐ.റ്റി.ഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ (2 യൂണിറ്റ്) പ്ലംബർ (1 യൂണിറ്റ്) എന്നീ കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഇവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദീകരിക്കുമോ; പ്രസ്തുത കോഴ്സ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡും ആരംഭിക്കുന്നതിനുമുള്ള ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | ഈ ഐ.റ്റി.ഐയിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (സി) | പുതിയ കോഴ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂ. |
| (ഡി) | പ്രസ്തുത ഐ.റ്റി.ഐയിൽ എത്ര നോൺ ടീച്ചിംഗ് ജീവനക്കാരുടെ തസ്തികകളുണ്ടെന്നും ഏതെല്ലാം വിഭാഗത്തിലുള്ളവരാണെന്നും വിശദീകരിക്കുമോ; | (ഡി) | ഓഫീസ് അറ്റന്റന്റ് - 1, സ്വീപ്പർ കം വാച്ച്മാൻ - 1 എന്നീ രണ്ട് നോൺ ടീച്ചിംഗ് ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളത്. |
| (ഇ) | പുതിയതായി ഇലക്ട്രീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനും ക്ലാർക്ക് തസ്തിക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | പുതുതായി ഇലക്ട്രീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. ക്ലർക്ക് തസ്തിക അനുവദിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ